പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 510 04.02.2020 ലെ മറുപടിയ്ക്ക്

## പാലക്കാട് ജില്ലയിൽ ട്രഷറി വകുപ്പിന് പുതിയ കെട്ടിടങ്ങൾ

ചോദ്യം ഉത്തരം

ശ്രീ.കെ.ഡി.പ്രസേനൻ

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ മന്ത്രി

| | | |
|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ ട്രഷറി വകുപ്പിന് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ; | പാലക്കാട് ജില്ലയിൽ കൊല്ലങ്കോട്, വടക്കഞ്ചേരി, മണ്ണാർക്കാട്, അഗളി എന്നീ സബ്ട്രഷറികൾക്കും ചെർപ്പളശ്ശേരി ജില്ലാ ട്രഷറിക്കും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളാണ് പുരോഗമിച്ച് വരുന്നത്. |
| (ബി) | അവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.<br>കൊല്ലങ്കോട് സബ്ട്രഷറിക്ക് നിലവിൽ ട്രഷറി സ്ഥിതിചെയ്യുന്ന കോമ്പൗണ്ടിൽ തന്നെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തികൾക്ക് സാങ്കേതികാനുമതി പുറപ്പെടുവിക്കുന്നതിനും, നിർമ്മാണ പ്രവർത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ട്രഷറി വകുപ്പിന് അനുവദിച്ചിട്ടുള്ള നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇൻകെൽ തെരഞ്ഞെടുക്കുന്ന കോൺട്രാക്ടർ മുഖേന ഉടൻ തന്നെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.<br>വടക്കഞ്ചേരി സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വടക്കഞ്ചേരി വില്ലേജിൽ സർവ്വേ നമ്പർ-204 ൽ ലഭ്യമായ 10 സെന്റ് സ്ഥലത്ത് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. നിർമ്മാണ പ്രവർത്തികൾ പൂർത്തിയാകുന്ന മുറക്ക് ട്രഷറിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ സാധിക്കും.<br>മണ്ണാർക്കാട് സബ്ട്രഷറിയുടെ നിലവിലുള്ള കെട്ടിടത്തിന്റെ കുറച്ച് ഭാഗങ്ങൾ നിലനിർത്തികൊണ്ട് പുതിയ കെട്ടിടം നിർമ്മിക്കുന്നത് അപ്രായോഗികമാണെന്ന് ബോദ്ധ്യമായതിനാൽ |

| | | |
|---|---|---|
| | | ഇൻകെൽ ലിമിറ്റഡ്, ട്രഷറിയുടെ പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റണം എന്നാവശ്യപ്പെടുകയും, പഴയ കെട്ടിടം പൊളിച്ച് മാറ്റികൊണ്ട് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതിക്കായി ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.<br>അഗളി സബ്ട്രഷറിയുടെ കുറച്ച് ഭാഗങ്ങൾ നിലനിർത്തിക്കൊണ്ടും, ഒരു ട്രഷറിക്കാവശ്യമായ മറ്റ് സൗകര്യങ്ങളൊക്കെ കൂട്ടിച്ചേർത്തുകൊണ്ടുമുള്ള രീതിയിലാണ് നിർമ്മാണ പ്രവർത്തികൾ തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായിട്ടുള്ളതിനാൽ ഗ്രൗണ്ട് ഫ്ലോറിന്റെ ബ്ലോക്ക് വർക്കുൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.<br>ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിക്ക് പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടിൽ നിന്നും കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**